## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 12.06.2014-ൽ

നിയമസഭാ ചോദ്യം നമ്പർ:1175 മറുപടിയ്ക്ക്

### കഴിഞ്ഞ സാമ്പത്തികവർഷം കയർ വകുപ്പിൽ നടപ്പാക്കാൻ കഴിയാതെപോയ പദ്ധതികൾ

| ചോദ്യം<br>ഡോ.കെ.ടി.ജലീൽ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കയർ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ കഴിയാതെ പോയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | എ) 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ കയർ കയറ്റുമതി സംസ്കരണ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. എങ്കിലും 2013-14 -ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക ഉപധനാഭ്യർത്ഥന പ്രകാരം ലഭ്യമാക്കാൻ കഴിയാത്തതിനാൽ ഈ വർഷത്തെ ബഡ്ജറ്റിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>CIAL മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ ആരംഭിക്കുന്നതിന് 1 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ തുക വകയിരുത്തിയിരുന്നില്ല. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി കയറ്റുമതിക്കാരുമായി ചർച്ച നടത്തി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചു. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>ഇന്നവേഷൻ ഫണ്ടും ഇൻകുബേഷൻ സെല്ലും പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നതായും 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) പ്രസ്തുത പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ ; | ബി) പ്രസ്തുത പദ്ധതികൾക്ക് മാത്രമായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ കയർ വകുപ്പിനായി വകയിരുത്തിയ തുകയിൽ നിന്നും ഈ പദ്ധതികളും നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) ഫണ്ട് യഥാസമയം ലഭിക്കാത്തതാണോ പദ്ധതി മുടങ്ങാൻ കാരണമായതെന്ന് അറിയിക്കുമോ? | സി) ചില പദ്ധതികളെ സംബന്ധിച്ച് ഫണ്ട് യഥാസമയം ലഭിക്കാത്തത് ഒരു കാരണമാണ്. |

സെക്ഷൻ ഓഫീസർ

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ:1176

12.06.2014-ൽ

മറുപടിയ്ക്ക്

**<u>കയർ തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം</u>**

| <u>ചോദ്യം</u><br>ശ്രീ.ജി.സുധാകരൻ | <u>ഉത്തരം</u><br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | എ)കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി തുടങ്ങിയത് 2010 ജനുവരി മാസം മുതൽക്കാണ്. |
| ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക വകയിരുത്തി; 2013-14 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നു; പ്രസ്തുത തുക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ വിതരണം ചെയ്ത തുക എത്ര; അനുവദിച്ച തുക മുഴുവനും വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | ബി) കയർ മേഖലയിൽ പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞവർഷം വരെ 73,50,60,000/- രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ 30,18,76,543/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപയാണ് കയർ വകുപ്പിന് ലഭിച്ചത്. 2013-14 വർഷം 13,67,30,764/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലും ഡീഫൈബറിംഗ് മേഖലയിലും നടപ്പാക്കിയിട്ടുള്ള ഈ പദ്ധതിയുടെ ആനുകൂല്യം സ്വകാര്യ മേഖലയ്ക്കും നൽകുന്നുണ്ട്. സ്വകാര്യ മേഖലയിൽ നിന്നും ഉദ്ദേശിച്ചിരുന്ന വിധത്തിൽ ക്ലെയിമുകൾ ലഭിക്കാത്തതിനാലാണ് തുക മുഴുവനായി വിനിയോഗിക്കാൻ സാധിക്കാത്തത്. |
| സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | സി) കയർ മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയാണ് ഇൻകം സപ്പോർട്ട് പദ്ധതി. ഇത് പ്രകാരം തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള കൂലിയുടെ ഒരു വിഹിതം സർക്കാർ ഫണ്ടിൽ നിന്നും നേരിട്ടു നൽകിവരുന്നു. കയർപിരി മേഖലയിലേയും ഡീഫൈബറിംഗ് മേഖലയിലേയും തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. ശരാശരി 100-110 രൂപ സർക്കാർ വിഹിതമായി തൊഴിലാളിക്ക് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ